**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3912** **09-10-2025 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഞാറക്കൽ ഫിഷ്ഫാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ ഫിഷ്ഫാമിന്റെ മൊത്തം വിസ്തീർണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | ഞാറക്കൽ ഫിഷ് ഫാമിന്റെ ആകെ വിസ്തീർണ്ണം 41 ഏക്കർ 2 സെന്റ് ആണ്. |
| (ബി) | ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഞാറക്കൽ ഫിഷ്ഫാമിൽ നിന്നും മത്സ്യഫെഡിന് പാട്ടത്തിന് നൽകിയ സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയെന്നും എന്നാണ് പാട്ടത്തിന് നൽകിയതെന്നും എത്ര വർഷത്തേക്കാണ് പാട്ടത്തിന് നൽകിയതെന്നും പാട്ടക്കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും വിശദമാക്കാമോ; | (ബി) | 41 ഏക്കർ 2 സെന്റ് മത്സ്യഫെഡിന് 01.01.1985 മുതലാണ് പാട്ടത്തിനു നൽകിയത്. എന്നാൽ 15.10.2024-ൽ സർക്കാർതലത്തിൽ കൂടിയ യോഗത്തിൽ പാട്ടക്കാലാവധി തീർന്ന ദിവസം മുതൽ 10 വർഷത്തേക്കു കൂടി ദീർഘിപ്പിച്ച നൽകുന്നതിന് തീരുമാനം ആയിട്ടുണ്ട്. ഫയൽ നിലവിൽ റവന്യൂ വകുപ്പിന്റെ പരിഗണനയിൽ ആണ്. |
| (സി) | ഞാറക്കൽ ഫാമിലെ ഉപയോഗിക്കാത്ത 5.8 ഹെക്ടർ സ്ഥലം 22.12.2020-ാം തീയതിയിലെ സ.ഉ.(സാധാ) നം.740/2020/മ.ഇ.വ പ്രകാരം 5 വർഷത്തേക്ക് അക്വാകൾച്ചർ ഡെവലപ്മെന്റിനായി അഡാക്കിന് (ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള) പാട്ടത്തിനു നൽകുന്നതിന് ഉത്തരവായിട്ടും പ്രസ്തുത സ്ഥലം മത്സ്യഫെഡിൽ നിന്നും അഡാക്കിന് കൈമാറാതിരുന്നതിന്റെ കാരണം വിശദമാക്കാമോ; | (സി) | ഞാറക്കൽ ഫാമിലെ 5.8 ഹെക്ടർ സ്ഥലം ADAK-ന് പാട്ടത്തിന് നൽകുന്നതിന് സർക്കാർ ഉത്തരവായിരുന്നുവെങ്കിലും 15.10.2024-ൽ സർക്കാർതലത്തിൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശിത ഉത്തരവ് റദ്ദ് ചെയ്യുകയുണ്ടായി. |
| (ഡി) | മേൽ നമ്പർ ഉത്തരവ് പുതുക്കി ഞാറക്കൽ ഫാമിലെ ഉപയോഗിക്കാതെ കിടക്കുന്ന 5.8 ഹെക്ടർ സ്ഥലം അക്വാകൾച്ചർ ഡെവലപ്മെന്റിനായി വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ഡി) | നിലവിൽ ടി സ്ഥലത്താണ് മത്സ്യഫെഡിന്റെ ഞാറക്കൽ മാലിപ്പുറം ഫിഷ് ഫാമുകളുടെ ഓഫീസ് കെട്ടിടം പ്രവർത്തിച്ചു വരുന്നത്. ഇതിനോട് ചേർന്ന കുളത്തിൽ പൂമീൻ, തിരുത, കരിമീൻ, എന്നീ ഇനം മത്സ്യങ്ങളെ വളർത്തുന്നുണ്ട്. ഇത് കൂടാതെ ഈ ഫാമുകളിൽ നിലവിൽ വിവിധ പി.എം.എം.എസ്.വൈ. പദ്ധതികളും നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ